# ക്ലാസ് ഫോർ നിയമനം: പരീക്ഷ ജനുവരി 21-ന്

തൃശ്ശൂർ ▸ കാർഷിക സർവകലാശാലയുടെ ക്ലാസ് ഫോർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് അപേക്ഷിച്ചിട്ടുള്ളവർക്ക് ഒ.എം.ആർ. രീതിയിലുള്ള പരീക്ഷ ജനുവരി 21-ന് നടക്കും.

തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിലെ വിവിധ സെൻററുകളിലാകും പരീക്ഷ. എൽ.ബി.എസ്. സെൻറർ ഫോർ സയൻസ് ആൻഡ് ടെക്നോളജിക്കാണ് ചുമതല. ഹാൾ ടിക്കറ്റ് ലഭിക്കാത്തവർക്ക് ജനുവരി 10 മുതൽ www.lbskerala.com എന്ന വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്യാം.

പരീക്ഷാർത്ഥിയുടെ പേരിൽ തിരുത്തലുകളുണ്ടെങ്കിൽ അസൽ തിരിച്ചറിയൽരേഖ പരീക്ഷാകേന്ദ്രത്തിൽ ഹാജരാക്കി തിരുത്താം. തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഹാൾ ടിക്കറ്റിനോടൊപ്പം നൽകണം. പിന്നീട് തിരുത്തലുകൾ അനുവദിക്കില്ല. കൂടുതൽ വിവരങ്ങൾക്ക്: 0471 2560312, 2560313.

Mathrubhumi
25.12.17